(സി)&(ഡി)കുരിയാർകുട്ടി-കാരപ്പാറ, ഇടമലയാർ, അട്ടപ്പാടി എന്നീ ജലസേചനപദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടും മൂവാറ്റുപുഴ നദീതട ജല സേചനപദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റും കേന്ദ്രജലകമ്മീഷന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. അതിൻമേൽ കേന്ദ്രജലകമ്മീഷന്റെ നിരീക്ഷണങ്ങൾക്കുള്ള മറുപടികൂടി ഉൾപ്പെടുത്തി പുതുക്കുന്ന ജോലി നടന്നുവരുന്നു.

42 (2733) കുടിവെള്ള വിതരണപദ്ധതികൾ

ശ്രീ. പാലോട് രവി :
ശ്രീ. എം. മുരളി :
ശ്രീ. എ.കെ. മണി :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര കുടിവെള്ള വിതരണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പ്രയോജനം എത്രപേർക്ക് ലഭിച്ചു;

(സി) രണ്ടായിരമാണ്ടോടുകൂടി എല്ലാവർക്കും കുടിവെള്ളമെത്തിക്കുന്ന പദ്ധതിയനുസരിച്ച് ഇപ്പോൾ എന്തെല്ലാം പരിപാടികൾ നടപ്പാക്കി വരുന്നുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 82 പ്രധാന പദ്ധതികൾ ഉൾപ്പെടെ 546 ശുദ്ധ ജലവിതരണ പദ്ധതികൾ പൂർത്തിയാക്കി.

(ബി) 12 ലക്ഷം ജനങ്ങൾക്ക്.

(സി) രണ്ടായിരമാണ്ടോടുകൂടി സംസ്ഥാനത്തെ ഗ്രാമീണ പ്രദേശങ്ങളിൽ ആളൊന്നിന് പ്രതിദിനം 40 ലിറ്റർ എന്ന തോതിലും നഗരവാസികൾക്ക് 70 ലിറ്റർ എന്ന തോതിലും കുടിവെള്ളമെത്തിക്കുന്നതിനുള്ള ഒരു ബൃഹദ് പദ്ധതി ജല അതോറിറ്റി, സ്വയംഭരണ സ്ഥാപനങ്ങൾ, ഭൂജലവകുപ്പ് എന്നിവയുടെ സംയുക്ത സംരംഭത്തോടെ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ജല അതോറിറ്റി 128 പദ്ധതികൾ 1998-99, 1999-2000, 2000-2001 എന്നീ മൂന്നുവർഷങ്ങളിലായി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ 39 പദ്ധതികൾ 1998-99 ൽ പൂർത്തിയാക്കി. 1998-99 ൽ പൂർത്തിയാക്കാൻ കഴിയാതിരുന്ന 26 പദ്ധതികൾ ഉൾപ്പെടെ നടപ്പ് സാമ്പത്തിക വർഷത്തിൽ 48 പദ്ധതികളും 2000-2001 ൽ 41 പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

43 (2734) ചാലിയാർ പദ്ധതി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലിയാർ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly